(ബി) ഏതെല്ലാം ഓഫീസുകളുടെ വാഹനങ്ങളാണ് കത്തിക്കപ്പെട്ടതെന്ന് കാണിക്കുന്ന സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) ഈ വാഹനങ്ങൾ കത്തിക്കുന്ന കാര്യത്തിൽ ചിലയിടത്തെങ്കിലും സർക്കാർ ജീവനക്കാരുടെ സഹായം സമരക്കാർക്ക് ലഭിച്ചിരുന്നുവോ ;

(ഡി) വാഹനങ്ങൽ കത്തിക്കുന്ന കാര്യത്തിൽ സർക്കാർ ജീവനക്കാർ വേണ്ട ഒത്താശ നൽകുമെന്ന് ഏതെങ്കിലും വിധത്തിൽ ഗവൺമെന്റിന് അറിവ് ലഭിച്ചിരുന്നുവോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 39 എണ്ണം.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) തൃശ്ശൂർ ജില്ലയിലെ പുതുക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കിടന്ന ഒരു ബസ് തീവച്ചു നശിപ്പിച്ചതിന് 5 കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റു കേസുകളിലൊന്നും ജീവനക്കാരുടെ പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

വാർഷിക പദ്ധതിയുടെ അടങ്കൽ

9 (753) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-03-ലെ സംസ്ഥാന വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയാണ് ;

(ബി) 2002-03-ലെ സംസ്ഥാന വാർഷിക പദ്ധതിയുടെ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ ;

(സി) 2002 ഡിസംബർ 31 വരെ വിവിധ വകുപ്പുകളിൽ പദ്ധതിയിനത്തിൽ ചെലവായ തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) 2002-03-ലെ വാർഷിക പദ്ധതിയിൽ എന്തു തുക വികസനത്തിനു വേണ്ടി നീക്കി വച്ചുവെന്നും അതിൽ എന്തു തുക വീതം ചെലഴിച്ചുവെന്നും, ഇത് വാർഷിക പദ്ധതിയുടെ എത്ര ശതമാനം വരുമെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(ഇ) ഓരോ വകുപ്പും വികസനത്തിനുവേണ്ടി ചെലവഴിച്ചതിന്റെ കണക്ക് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2002-03-ലെ സംസ്ഥാന വാർഷിക പദ്ധതിയുടെ അടങ്കൽ 4026 കോടി രൂപയായി നിശ്ചയിച്ചിരുന്നും എന്നാൽ പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരത്തോടെ 2003 മാർച്ചിൽ പദ്ധതി അടങ്കൽ 3425 കോടി രൂപയായി പുതുക്കി നിശ്ചയിച്ചു.

(ബി) 2002-03-ലെ സംസ്ഥാന വാർഷിക പദ്ധതിക്ക് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ അടങ്കൽപ്രകാരം 85 ശതമാനവും പുതുക്കിയ അടങ്കൽപ്രകാരം 100 ശതമാനവും (താൽക്കാലിക കണക്കുകൾ) ചെലവഴിച്ചു.

(സി) 2002 ഡിസംബർ 31 വരെ വിവിധ വകുപ്പുകളിൽ പദ്ധതിയിനത്തിൽ 1398.73 കോടി രൂപ ചെലവഴിച്ചു. ഇനം തിരിച്ചുള്ള പട്ടിക അനുബന്ധം-എയിൽ കൊടുത്തിരിക്കുന്നു.†

(ഡി) അനുബന്ധം-ബിയിൽ കൊടുത്തിരിക്കുന്നു.†

(ഇ) അനുബന്ധം-സി യിൽ കൊടുത്തിരിക്കുന്നു.†

ഒൻപതാം പദ്ധതിക്കായി ചെലവഴിച്ച തുക

10 (754) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം പദ്ധതിയുടെ അടങ്കൽ തുക എത്രയായിരുന്നു ;

(ബി) ഇതിൽ എത്ര സംഖ്യ ചെലവഴിച്ചു ;

(സി) ഒൻപതാം പദ്ധതിയുടെ കാലത്ത് ഓരോ വർഷത്തെയും പദ്ധതി ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ഒൻപതാം പദ്ധതിയുടെ അടങ്കൽ 16,100 കോടി രൂപയായിരുന്നു.

(ബി) ഇതിൽ 14,601.07 കോടി രൂപ ചെലവഴിച്ചു.

(സി) ഒൻപതാം പദ്ധതിയുടെ ഓരോ വർഷവും സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച തുക താഴെ ചേർത്തിരിക്കുന്നു.

വർഷം	ചെലവഴിച്ച തുക (രൂപ കോടിയിൽ)
1997-98	2867. 63
1998-99	3153. 89
1999-2000	3094. 95
2000-01	2953. 60
2001-02	2531. 00
ആകെ	14601. 07

† അനുബന്ധം എ, ബി, സി ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly